12513
18/8/16

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക സമുദായ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിലെ അഡീഷണൽ ഡയറക്ടർ ശ്രീ. കെ. വേണുവിനെ പിന്നാക്ക സമുദായ വകുപ്പ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (സാധാ) നമ്പർ. **60**/2016/പിസവിവ. തീയതി, തിരുവനന്തപുരം, **17.08.2016**

================================================================

പരാമർശം:- സ.ഉ(കൈ) നം. 04/2016/പി.സ.വി.വ, തീയതി. 25.06.2016.

<u>ഉത്തരവ്</u>

മേൽ പരാമർശിത ഉത്തരവ് പ്രകാരം പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ ചുമതല വഹിച്ചുവന്നിരുന്ന ശ്രീ. വി. ആർ ജോഷിയുടെ സേവനം അവസാനിപ്പിച്ചുകൊണ്ടും, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറായ ശ്രീ. കെ. ഗോപാലകൃഷ്ണഭട്ട് ഐ.എ.എസ്-ന് പിന്നാക്ക സമുദായ വികസന വകുപ്പിന്റെ അധികചുമതല നൽകിയും ഉത്തരവായിരുന്നു.

പിന്നാക്ക സമുദായ വികസന വകുപ്പിന്റെ പ്രവർത്തനം സുഗമമായും ലക്ഷ്യബോധത്തോടും കൂടി കൊണ്ടുപോകേണ്ടതുള്ളതുകൊണ്ട് ഭരണപരമായ അത്യാവശ്യ സാഹചര്യം പരിഗണിച്ച് ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പട്ടികജാതി വകുപ്പിലെ ഏറ്റവും സീനിയർ ഉദ്യോഗസ്ഥനായ അഡീഷണൽ ഡയറക്ടർ ശ്രീ. കെ. വേണുവിനെ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ശ്രീകുമാർ. റ്റി**
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ഗോപാലകൃഷ്ണഭട്ട് ഐ.എ.എസ്, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
ശ്രീ. കെ. വേണു, അഡീഷണൽ ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഐ& പി. ആർ.ഡി. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പിന്നാക്ക സമുദായ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
കരുതൽഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**